## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *413 | 20.03.2018 -ൽ മറുപടിയ്ക്ക്

### കേരഫെഡിന് ആവശ്യമായ കൊപ്ര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. അബ്ദുൽ ഹമീദ് പി. | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരഫെഡിന് ദൈനംദിനാവശ്യങ്ങൾക്കുള്ള കൊപ്ര സംസ്ഥാനത്തിനുള്ളിൽ നിന്നു തന്നെ ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) കേരഫെഡിന് ആവശ്യമായ കൊപ്ര സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടു വരുന്നുണ്ടെങ്കിൽ അത് എവിടെ നിന്നാണെന്നും ഇതിന് ക്വിന്റലിന് എത്ര രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിക്കുമോ;<br>(സി) മറുനാട്ടുകളിൽ നിന്ന് കൊണ്ടുവരുന്ന കൊപ്രയുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) & (സി) കേരഫെഡിന് ദൈനംദിനാവശ്യങ്ങൾക്കുള്ള കൊപ്ര സംസ്ഥാനത്തിനുള്ളിൽ നിന്നും തന്നെയാണ് ലഭ്യമാകുന്നത്. ദിനം പ്രതി ഇ ടെണ്ടർ മുഖേനയാണ് കേരഫെഡിന് ആവശ്യമായ കൊപ്ര വാങ്ങുന്നത്. സംസ്ഥാനത്ത് കൊപ്ര സംഭരിക്കുന്നത് കേരഫെഡും മാർക്കറ്റ് ഫെഡുമാണ്. കൊപ്രയുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് കേരഫെഡിനും മാർക്കറ്റ് ഫെഡിനും സംവിധാനം ഉണ്ട്. മറുനാട്ടുകളിൽ നിന്നും വരുന്ന കൊപ്ര കേരഫെഡ് സംഭരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ